ശ്രീ. ആർ. ബാലകൃഷ്ണപിള്ള : പോലീസ് മർദ്ദനത്തെ സംബന്ധിച്ച് പരാതിപ്പെടുമ്പോൾ അന്വേഷണം നടത്തുന്നതു് ആരാണു്?

ശ്രീ. എ. ജെ. ജാൺ : എ. എസ്. പി., ഡി. എസ്. പി. മുതലായ ഉദ്യോഗസ്ഥന്മാരാണു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : പോലീസ് മർദ്ദനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളുടെ യഥാർത്ഥ്യം പുറത്താക്കരുതെന്നുള്ള മനഃപൂർവ്വ ഉദ്ദേശത്തോടല്ലേ ഇവർ അന്വേഷണം നടത്തുന്നതു്?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ അല്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഏതെങ്കിലും ഒരു സ്ഥലത്തു് പോലീസ് മർദ്ദനം ഉണ്ടായാൽ മർദ്ദനമേറ്റ പാർട്ടിക്കാർ അന്വേഷണം നടത്തണമെന്നു് പരാതിപ്പെടുന്ന അവസരത്തിൽ അതിന്റെ ഡോക്യു് കഴിഞ്ഞുപോയി എന്ന കാരണം പറഞ്ഞു് അന്വേഷണം നടത്താതിരിക്കുന്നു എന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ അന്വേഷണം നടത്താതിരിക്കുന്നു എന്നു് അറിഞ്ഞുകൂടാ. ഇന്ന സംഭവത്തെപ്പറ്റി ആണെന്നു് പറഞ്ഞാൽ അതേപ്പറ്റി സമാധാനം ചോദിക്കാം. എന്നാൽ പൊതുവായിട്ടു് അന്വേഷണം നടത്തുന്നില്ല എന്നാണെങ്കിൽ അതിനെപ്പറ്റി ഒന്നും പറയാൻ നിവൃത്തിയില്ല.

ശ്രീ. ജോസഫ് ചാഴിക്കാടൻ : മനഃപൂർവ്വമായി അന്യായമായ കള്ളപ്പരാതിയെപ്പറ്റി ചാർജ്ജുചെയ്ത കേസു് എടുക്കുന്ന സമ്പ്രദായം ഉണ്ടോ;

ശ്രീ. എ. ജെ. ജാൺ : അങ്ങനെ കേസു് എടുക്കേണ്ടതാണു്. എന്നാൽ ഇപ്പോൾ അങ്ങിനെ ചെയ്യുന്നില്ല.

ശ്രീ. പി. ആർ. ബാലകൃഷ്ണപിള്ള : കണ്ടശ്ശാംകടവിൽ ഇപ്പോഴും പോലീസ് മർദ്ദനം നടക്കുന്നു എന്നു് പരാതി കിട്ടിയിട്ടില്ലേ?

ശ്രീ. എ. ജെ. ജാൺ : പരാതികൾ ധാരാളം കിട്ടിക്കൊണ്ടിരിക്കുകയാണു്. പക്ഷെ അന്വേഷിച്ചാൽ ഇവയൊക്കെ അടിസ്ഥാനരഹിതങ്ങളാണെന്നാണു് തെളിയുന്നതു്.

ശ്രീ. പി. ആർ. മാധവൻപിള്ള : കണ്ടശ്ശാംകടവിൽ ഇന്നലെയും പോലീസ് മർദ്ദനം നടത്തി എന്നുള്ളതു ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ?

ശ്രീ. എ. ജെ. ജാൺ : ഇല്ല.

## ലാക്കപ്പുകളിൽ സൂക്ഷിക്കുന്ന സ്ത്രീകൾ.

* 607. [3] ശ്രീ. ആർ ബാലകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി പറയുമോ :

(എ) സ്ത്രീകളെ അറസ്റ്റുചെയ്തു് ലാക്കപ്പുകളിൽ സൂക്ഷിക്കുമ്പോൾ മേൽനോട്ടം വഹിക്കാൻ പുരുഷന്മാരായ പോലീസുകാരെ അനുവദിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1955 ജൂൺ 8, 9, 10 എന്നീ തീയതികളിൽ നെടുമങ്ങാട് പോലീസ് സ്റ്റേഷൻ ലാക്കപ്പിൽ എത്ര സ്ത്രീകളെ പാർപ്പിച്ചിരുന്നു ;

(സി) ഇവരെ മലമൂത്രവിസർജ്ജനത്തിനു് ഇറക്കിയതു പുരുഷന്മാരായ പോലീസുകാരല്ലേ ;

(ഡി) ഈ സ്ത്രീകളെ മേൽനോട്ടം ചെയ്യുന്നതിനു് സ്ത്രീപോലീസുകാരെ നിയോഗിക്കാത്തതിനു് ആരാണു് ഉത്തരവാദിത്വം വഹിക്കേണ്ടതു് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ലാക്കപ്പുസൂക്ഷിപ്പിനു് പുരുഷന്മാരായ പോലീസുകാരെ മാത്രമെ നിയോഗിക്കുകയുള്ളൂ. എന്നാൽ സ്ത്രീകളായ തടവുകാർ ലാക്കപ്പുകളിൽ ഉള്ളപ്പോൾ അവരെ സൂക്ഷിക്കുവാൻ സ്ത്രീപോലീസു് ഉണ്ടെങ്കിൽ അവരിൽ ഒന്നോ രണ്ടോ പേരെ ഏർപ്പെടുത്തുക പതിവുണ്ടു്.

(ബി) മജിസ്ട്രേട്ടിന്റെ ഉത്തരവനുസരിച്ചു് ആ സ്ത്രീ തടവുകാരെ സൂക്ഷിച്ചിരുന്നു.

(സി) അതെ, ആ ദിവസങ്ങളിൽ നെടുമങ്ങാട്ടു് ലാക്കപ്പിൽ നിയോഗിക്കുവാനായി സ്ത്രീപോലീസുകാർ ഉണ്ടായിരുന്നില്ല. അതിനാൽ പരിചയസമ്പന്നരും സുസമ്മതരുമായ ഹെഡ്കാൺസ്റ്റബ്ളുമാരെയും, കാൺസ്റ്റബിളുമാരെയും മേൽപ്പറഞ്ഞ സ്ത്രീതടവുകാരെ മലമൂത്രവിസർജ്ജനത്തിനും മറ്റും ഇറക്കുന്നതിനു് നിയോഗിച്ചിരുന്നു.

(ഡി) മലമൂത്രവിസർജ്ജനങ്ങൾക്കും മറ്റും സ്ത്രീതടവുകാരെ സ്ത്രീപോലീസു് മാത്രമേ കൊണ്ടുപോകാവൂ എന്നു് പ്രത്യേക നിയമങ്ങളൊന്നുമില്ല. എന്നാൽ സ്ത്രീപോലീസു് ഉള്ള സന്ദർഭങ്ങളിൽ അവരെ സ്ത്രീതടവുകാരെ സൂക്ഷിക്കുന്നതിനും മറ്റും നിയോഗിക്കാവുണ്ടു്. സ്ത്രീ പോലീസ് ഇല്ലാത്ത അവസരങ്ങളിൽ സ്ത്രീ തടവുകാരുടെ ആവശ്യങ്ങളെ പുരുഷന്മാരായ പോലീസുകാർ ന്യായമായി അന്വേഷിക്കുന്നതായിരിക്കും. ഈ വസ്തുതകളിന്മേൽ സ്ത്രീ തടവുകാരെ സൂക്ഷിക്കുവാൻ സ്ത്രീപോലീസിനെ നിയോഗിക്കാത്തതിൽ ആരെയും കുറ്റപ്പെടുത്തുവാൻ സാദ്ധ്യമല്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : കഴിഞ്ഞ ജൂൺ 8-ാംതീയതി നെടുമങ്ങാട്ടു പോലീസ് സ്റ്റേഷനിലും ഏഴും എട്ടും തീയതികളിൽ വിതുര പോലീസു് സ്റ്റേഷനിലും സൂക്ഷിച്ചിരുന്ന സ്ത്രീ തടവുകാരെ മലമൂത്രവിസർജ്ജനത്തിനു് ആയി കൊണ്ടുപോയതു് പുരുഷന്മാരായ പോലീസുകാരാണെന്നുള്ളതിലേക്കു് വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : എന്റെ കൈവശം ആ സംഗതിയെപ്പറ്റി പരാതി ലഭിച്ചിട്ടില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഹരിപ്പാട്ടു പോലീസു് സ്റ്റേഷനിൽ രണ്ടു സ്ത്രീകളെ സൂക്ഷിച്ചിട്ടില്ലെ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൻ : അറിഞ്ഞുകൂടാ. അങ്ങനെ സ്ത്രീകളെ ലാക്കപ്പുകളിൽ സൂക്ഷിക്കുന്ന അവസരങ്ങളിൽ കഴിവുള്ളിടത്തോളവും ബഹുമാനപ്പെട്ട കരകുളം മെംബർ പറഞ്ഞ കാര്യം നടപ്പാക്കായി സ്ത്രീപോലീസുകാരെ തന്നെ നിയമിക്കാൻ ശ്രമിക്കാം.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഹരിപ്പാട്ടെ ലാക്കപ്പിൽ ഉടനേതന്നെ സ്ത്രീപോലീസിനെ അയയ്ക്കാൻ ഉത്തരവുകൊടുക്കുമോ?

ശ്രീ. എ. ജെ. ജാൻ : അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഓരോ ഡിസ്ട്രിക്റ്റ് ഹെഡ്കാർട്ടേഴ്സിലും ഓരോ സ്ത്രീപോലീസിനെ എങ്കിലും നിയമിക്കാൻ സാധിക്കുമോ?

ശ്രീ. എ. ജെ. ജാൻ : അതേപ്പറ്റി കഴിവുള്ളതെല്ലാം ചെയ്യാമെന്നു മാത്രമേ ഇപ്പോൾ പറയാൻ നിവൃത്തിയുള്ളൂ.

## പഞ്ചായത്തുകളിൽ ആശുപത്രികൾ.

* 608. [4]. ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു പഞ്ചായത്തിൽ ഒരു ആശുപത്രി എന്ന ലക്ഷ്യം പൂർത്തിയാക്കാൻ എത്ര വർഷം വേണ്ടിവരുമെന്നാണു് ഗവണ്മെൻറ് പ്രതീക്ഷിക്കുന്നതെന്നു പറയുമോ; ഒന്നിലധികം ആലോപ്പതി ആശുപത്രികളുള്ള വില്ലേജുകൾ ഏതെല്ലാമാണു്; ഒരൊറ്റ ആശുപത്രിയും ഇല്ലാത്ത വില്ലേജുകളിൽ ആശുപത്രികൾ സ്ഥാപിക്കുന്നതിനു മുൻകൈയെടുക്കുമോ;

(ബി) കുന്നത്തൂർ താലൂക്കിലെ 10 പഞ്ചായത്തുകൾക്കു് ആകെക്കൂടി എത്ര ആലോപ്പതി ഡിസ്പെൻസറികളും ഹോസ്പിറ്റലുകളുമുണ്ടെന്നു പറയുമോ; പുതിയ എത്ര ഡിസ്പെൻസറികൾ ഈ വർഷം സ്ഥാപിക്കാനുദ്ദേശിക്കുന്നു;

(സി) അടൂർ ഹോസ്പിറ്റൽ ഒരു ഡിസ്ട്രിക്റ്റ് ഹോസ്പിറ്റലായി ഉടനടി ഉയർത്തുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ഓരോ പഞ്ചായത്തിലും ഓരോ ആശുപത്രി വേണമെന്ന തത്വം ഗവണ്മെൻറ് അംഗീകരിച്ചിട്ടില്ല. ഒരു ഡിസ്പെൻസറിക്കൊണ്ടു് ചുരുങ്ങിയതു് ഇരുപതിനായിരം ജനങ്ങൾക്കു് എങ്കിലും വൈദ്യസഹായം ലഭിക്കത്തക്കവിധത്തിൽ അയ്യായിരമൈൽവീതം അകലെയായി ഡിസ്പെൻസറികൾ സ്ഥാപിക്കണം എന്ന തത്വം അംഗീകരിച്ചു് പ്രവർത്തിക്കേണ്ടതിനെക്കുറിച്ചു് ഗവണ്മെൻറ് ആലോചിക്കുകയാണു്.

ഒന്നിലധികം ആശുപത്രികൾ ഉള്ള വില്ലേജുകൾ താഴെ പറയുന്നവയാകുന്നു:—

കന്യാകുമാരി, കുന്നത്തുകാൽ, രണ്ടാമടി, വഞ്ചിയൂർ, മുട്ടത്തറ, കൊല്ലം, കുമ്പഴ, മറ്റത്തിൽഭാഗം, ഏറ്റുമാനൂർ, കുട്ടമംഗലം.

ഗവണ്മെൻറ് അംഗീകരിക്കുന്ന തത്വമനുസരിച്ചു് ആവശ്യമെന്നു് മുൻഗണ്യംവരുന്ന സ്ഥലങ്ങളിൽ ആശുപത്രി സ്ഥാപിക്കാവുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly